## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 451 — 24.10.2016 ൽ - മറുപടിക്ക്

### ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. ആർ. കേളു<br>,, റ്റി. വി. രാജേഷ്<br>,, കെ ബാബു.<br>ശ്രീമതി യു. പ്രതിഭ ഹരി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-07-2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013 ലെ സ.ഉ.(കൈ) നം.53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിരുന്നില്ല.<br>i) അർഹരായ മുൻഗണന/മുൻഗണനേതര കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority house holds),**<br>ii) വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door steps delivery)**<br>iii) റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ **(online allocation)**<br>iv) പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)**<br><br>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം മുകളിൽ വിഭാവനം ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ നിയമം നടപ്പിലാക്കാൻ മുൻ സർക്കാർ യഥാസമയം നടപടി സ്വീകരിച്ചിരുന്നോ; | (ബി) | മുൻസർക്കാരിന്റെ കാലയളവിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് താലൂക്ക്തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. എന്നാൽ ആ രീതി പിൻതുടരുമ്പോൾ അർഹരായ പലരും പിൻതള്ളപ്പെടുമെന്നതിനാൽ സംസ്ഥാനതല റാങ്കിംഗ് നടത്താൻ തീരുമാനിക്കുകയും അപ്രകാരം തയ്യാറാക്കിയ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സംവിധാനത്തെ ഈ നിയമം നടപ്പിലാക്കുന്നത് ഏതു തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ എ.എ.വൈ. ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിലും മുൻഗണനാ വിഭാഗക്കാർക്ക് ആളൊന്നിന് അഞ്ചുകിലോ വീതം ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന നിരക്കിലും ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാകും. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണം സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ